**പതിനാലാം കേരള നിയമസഭ**

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1391

06.03.2020 ൽ മറുപടിക്ക്.

## കേരള ചിക്കൻ പദ്ധതിയുടെ പാരന്റ് സ്റ്റോക്ക് ഫാം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം. വിൻസെന്റ് | | ശ്രീ. എ.സി.മൊയ്തീൻ (തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) | |
| (എ) | കുടുംബശ്രീ മിഷൻ നടപ്പിലാക്കി വരുന്ന കേരള ചിക്കൻ പദ്ധതിയുടെ പാരന്റ് സ്റ്റോക്ക് ഫാം നടപ്പിലാക്കുന്നത് സർക്കാർ വക സ്ഥലത്താണോ സ്വകാര്യ ഭൂമിയിലാണോ എന്ന് വ്യക്തമാക്കുമോ ; | (എ) | സ്വകാര്യ ഭൂമിയിലാണ് കുടുംബശ്രീ മിഷൻ നടപ്പിലാക്കിവരുന്ന കേരള ചിക്കൻ പദ്ധതിയുടെ പാരന്റ് സ്റ്റോക്ക് ഫാം നടപ്പിലാക്കുന്നത്. |
| (ബി) | സ്വകാര്യ ഭൂമിയിലാണെങ്കിൽ അത് എവിടെയാണെന്നും, എന്ത് വ്യവസ്ഥ പ്രകാരമാണ് ഇത് അനുവദിച്ചിരിക്കുന്നതെന്നും വ്യക്തമാക്കുമോ; | (ബി) | കഠിനംകുളം വില്ലേജിലെ ബ്ലോക്ക് നം.32 ൽ സർവ്വേ നം. 68/11-ലെ 4.5 ഏക്കർ ഭൂമി അതിന്റെ ഉടമസ്ഥരുമായുള്ള 2019 മെയ് 22-ലെ കരാർ പ്രകാരം കുടുംബശ്രീ ബ്രോയലർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ് 5 വർഷത്തേയ്ക്ക് ലീസിന് എടുക്കുകയാണ് ചെയ്തത്. |
| (സി) | പ്രസ്തുത ഭൂമിയുടെ ഡെപ്പോസിറ്റ് തുക, പ്രതിമാസ തറവാടക എന്നിവ എത്രയാണ്; | (സി) | ഡെപ്പോസിറ്റ് 10 ലക്ഷം രൂപ; പ്രതിമാസ തറവാടക 1.5 ലക്ഷം രൂപ. |
| (ഡി) | ഏത് ബ്രീഡാണ് ഇവിടെ വളർത്തുവാൻ ഉദ്ദേശിക്കുന്നത്; ബ്രീഡ് തെരഞ്ഞെടുക്കുന്നതിന് വേണ്ടി വെറ്റിനറി വകുപ്പോ/ കോളേജോ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | പാരന്റ് സ്റ്റോക്കായിട്ട് ബഹുരാഷ്ട്ര കമ്പനിയായ AVIAGEN ന്റെ റോസ് 308 AP എന്ന ബ്രീഡിനെയാണ് തിരഞ്ഞെടുത്തിരിക്കുന്നത്. ഡോ.ഗിരീഷ് വർമ്മ (ഡീൻ, ഏവിയൻ സയൻസ് കോളേജ്, പാലക്കാട്), ഡോ.ജയശ്രീ.ജെ (ഡെപ്യൂട്ടി ഡയറക്ടർ, മൃഗസംരക്ഷണവകുപ്പ്), ഡോ.രാജു.ജി (അസോസിയേറ്റ് പ്രൊഫസർ, സി.ഇ.റ്റി സ്കൂൾ ഓഫ് മാനേജ്മെന്റ്, തിരുവനന്തപുരം), മാനേജിംഗ് ഡയറക്ടർ, |

കെ.ബി.എഫ്.പി.സി.എൽ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കെ.ബി.എഫ്.പി.സി.എൽ എന്നിവർ ഉൾപ്പെട്ട അഞ്ചംഗ കമ്മിറ്റിയാണ് പ്രസ്തുത ബ്രീഡിനെ തെരഞ്ഞെടുത്തത്. ഇത് സംബന്ധിച്ച് വെറ്ററിനറി വകുപ്പോ/കോളേജോ റിപ്പോർട്ട് നൽകിയിട്ടില്ല.

സെക്ഷൻ ഓഫീസർ